# ഹോളിസ്റ്റിക് ഹെൽത്ത് & റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്

Reg No. TVM 18/2016/IV

മെഡിക്കൽ കോളേജ്, തിരുവനന്തപുരം

## പ്രവർത്തന റിപ്പോർട്ട്

സമഗ്ര ആരോഗ്യ വികസന പദ്ധതികളിൽ പങ്കാളിയാകുക, അത് സാധാരണ ജനങ്ങളിൽ എത്തിക്കുക എന്ന ലക്ഷ്യവുമായി 2016 ജനുവരി 18-ാം തീയതി രജിസ്റ്റർ ചെയ്യുകയും 2016 മാർച്ച് 10-ാം തീയതി മെഡിക്കൽ കോളേജ് ആസ്റ്റർ സ്ക്വയർ അസോസിയേഷൻ ഹാളിൽ വച്ച് പ്രഗത്ഭ ഉദരരോഗ വിദഗ്ധൻ ഡോ. കെ.ടി. ഷേണായ് അവർകൾ ഭദ്രദീപം കൊളുത്തി ഉദ്ഘാടനം നിർവ്വഹിച്ച പ്രസ്താനമാണ് ഹോളിസ്റ്റിക് ഹെൽത്ത് & റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്. പ്രസ്തുത ചടങ്ങിൽ ഡോ. അന്റോനെറ്റാ ജെസ്സി, ഡോ. ഭാസ്കരൻ നായർ, ഡോ. സുജാത, ഡോ. പത്മജ എന്നിവർ മുഖ്യ അതിഥികൾ ആയിരുന്നു. കഴിഞ്ഞ ഒരു വർഷക്കാലത്തെ പ്രവർത്തന റിപ്പോർട്ട് ചുവടെ വിവരിക്കുന്നു.

(1) 2016 മാർച്ച് 26-ാം തീയതി കേരള യൂണിവേഴ്സിറ്റി സെന്റർ ഫോർ അഡൽറ്റ് കണ്ട്യൂനിംഗ് എജ്യുക്കേഷൻ എക്സ്റ്റൻഷൻസിലെ യോഗ പി.ജി ഡിപ്ലോമാ വിദ്യാർത്ഥികൾക്കായി ഉള്ളൂർ ഗവ. യു.പി.എസ്സിൽ വച്ച് 'യോഗ റിസർച്ച് ആന്റ് കരിയർ ഇൻ യോഗ' എന്ന വിഷയത്തെ ആസ്പദമാക്കി മൂന്നു ദിവസത്തെ സെമിനാർ സംഘടിപ്പിച്ചു. രണ്ടാം ദിനം ഏപ്രിൽ 16നും മൂന്നാം ദിനം ഏപ്രിൽ 17നും ആണ് നടത്തപ്പെട്ടത്. പ്രസ്തുത സെമിനാറിന് ഡോ. ബിന്ദു നായർ, ശ്രീ. ജയകുമാർ എന്നിവർ നേതൃത്വം നൽകി. 25 ഓളം യോഗ പി.ജി. വിദ്യാർത്ഥികൾ പങ്കെടുത്തു.

(2) 2016 മെയ് 10-ാം തീയതി തിരുവനന്തപുരം മെഡിക്കൽ കോളേജ് പോപ്പുലേഷൻ ഹെൽത്ത് & റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് എന്ന സ്ഥാപനത്തിന്റെ തിരുവനന്തപുരം 'ടുബാക്കോ സ്റ്റഡി' എന്ന പ്രോജക്ടിന്റെ ഡാറ്റാ കോഡിംഗ് വർക്ക് ഏറ്റെടുത്ത് നടത്തിവരുന്നു.

(3) 2016 ജൂൺ 20-ാം തീയതി അന്താരാഷ്ട്ര യോഗദിന ആഘോഷത്തിന്റെ ഭാഗമായി കുടപ്പനക്കുന്ന് പാതിരാപള്ളി ചിൻമയാ മിഷൻ സെന്ററിൽ വച്ച് 'യോഗ & നാച്ചുറൽ ഡയറ്റ്' എന്ന വിഷയത്തെ ആസ്പദമാക്കി ഒരു സെമിനാർ സംഘടിപ്പിച്ചു. ഇതിൽ 100 ഓളം ആൾക്കാർ പങ്കെടുത്തു. പ്രസ്തുത സെമിനാറിന് ഡോ. ലീന കെ.ബി. (പ്രോജക്ട് ഡയറക്ടർ, എച്ച്.എച്ച്. ആർ.ഐ) നേതൃത്വം നൽകി.

(4) 2016 ജൂൺ 21-ാം തീയതി ദേശീയ യോഗാദിനത്തോടനുബന്ധിച്ച് ഹോളിസ്റ്റിക് ഹെൽത്ത് & റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടും സെന്റർ ഫോർ അഡൽറ്റ് കണ്ടിന്യൂയിംഗ് എഡ്യൂക്കേഷൻ എക്സ്റ്റൻഷനും സെന്റർ ഫോർ വേദാന്ത സ്റ്റഡിയും സംയുക്തമായി കേരള യൂണിവേഴ്സിറ്റി സ്റ്റുഡന്റ് സെന്ററിൽ വച്ച് ഏകദിന സെമിനാറും യോഗപരിശീലന ക്ലാസും സംഘടിപ്പിച്ചു. 'റോൾ ഓഫ് യോഗ ഇൻ ദി കൺട്രോൾ ഓഫ് ലൈഫ് സ്റ്റൈൽ ഡെസീസ്' എന്ന വിഷയത്തെ ആസ്പദമാക്കിയായിരുന്നു സെമിനാർ. ഈ സെമിനാറിൽ നോൺ-ആൽക്കഹോളിക് ഫാറ്റി ലിവർ ഡെസീസിനെ കുറിച്ചും വിശദമായി ചർച്ച ചെയ്യുകയുണ്ടായി. ഡോ. എം.കെ.സി. നായർ (വൈസ് ചാൻസിലർ, കേരള യൂണിവേഴ്സിറ്റി ഓഫ് ഹെൽത്ത് സയൻസ്) സെമിനാർ ഉദ്ഘാടനം ചെയ്തു. ഡോ. വീരമണികണ്ഠൻ (പ്രൊ. വൈസ്. ചാൻസിലർ കേരള യൂണിവേഴ്സിറ്റി). ഡോ. കെ.ടി. ഷേണായി, ഡോ. വിജയ ലക്ഷ്മി, ഡോ. സുപ്രിയ, ഡോ. ലീന കെ.ബി. തുടങ്ങിയവർ സെമിനാറിന് നേതൃത്വം നൽകി. തുടർന്ന് പി.ജി. യോഗ സീനിയർ വിദ്യാർത്ഥികൾ യോഗ പരിശീലന ക്ലാസിന് നേതൃത്വം നൽകി.

(5) 2016 ജൂലൈ 15-ാം തീയതി ഇളംകാവ് ഭഗവതി ക്ഷേത്ര ആഡിറ്റോറിയത്തിൽ വച്ച് സ്കൂൾ കുട്ടികൾക്കും അദ്ധ്യാപകർക്കും, രക്ഷകർത്താക്കൾക്കും വേണ്ടി ഒരു മെഡിക്കൽ ക്യാമ്പ് സംഘടിപ്പിച്ചു. ദന്ത പരിശോധന, ഇ.എൻ.ടി. പരിശോധന, ഹെപ്പറ്റൈറ്റ്സ് ബി & സി കണ്ടെത്താനുള്ള പരിശോധന തുടങ്ങിയവ ക്യാമ്പിന്റെ ഭാഗമായി നടന്നു. തുടർന്ന് നടന്ന യോഗത്തിൽ ശ്രീമതി. എം. ശശികലകുമാരി (എച്ച്.എം. ഇളംകാവ് യു.പി.എസ്. ഉള്ളൂർ), അദ്ധ്യക്ഷത വഹിച്ചു. ഡോ. കെ.ടി. ഷേണായ് ഉദ്ഘാടനം ചെയ്തു. പ്ലസ് ടു തലത്തിൽ മികച്ച വിജയം കൈവരിച്ച വിദ്യാർത്ഥികൾക്ക് പ്രോത്സാഹന സമ്മാനദാനം നിർവ്വഹിച്ചത് ഡോ. ജി. ഗോപിനാഥ് (ചീഫ് എക്സിക്യൂട്ടീവ്, ഡോ. ഗോപിനാഥ്സ് ഡയഗ്നോസ്റ്റിക് സർവ്വീസ്) ആണ്. കൗൺസിലർമാരായ ശ്രീമതി. സിന്ധു എസ്.എസ്., ശ്രീമതി. രമ്യരമേശ്, ഡോ. സുജാത എസ്. ഡോ. സിന്ദുനായർ തുടങ്ങിയവർ ക്യാമ്പിന് നേതൃത്വം നൽകി. ക്യാമ്പിന് 100 ഓളം പേർ പങ്കെടുത്തു.

(6) 2016 ജൂലൈ 28ന് ലോക ഹെപ്പറ്റൈറ്റിസ് ദിനത്തോടനുബന്ധിച്ച് ഹെപ്പറ്റൈറ്റിസ് രോഗത്തെ കുറിച്ചുള്ള ബോധവൽക്കരണ ക്ലാസ് ചാല യു.പി. സ്കൂളിൽ സംഘടിപ്പിച്ചു. ഡോ. കെ.ടി. ഷേണായ്, ഡോ. ലീന കെ.ബി. സ്കൂൾ എച്ച്.എം. ബീന എന്നിവർ ക്യാമ്പിന് നേതൃത്വം നൽകി.

(7) 2016 ജൂലൈ 29-ാം തീയതി നേമം വിക്ടറി ഹയർ സെൻക്കൻഡറി സ്കൂളിൽ ബോധവൽക്കരണ ക്ലാസ് സംഘടിപ്പിച്ചു. ഹെപ്പറ്റൈറ്റ്സ് - ബി വരാനുള്ള കാരണവും വരാതിരിക്കാനുള്ള പ്രതിവിധിയെ കുറിച്ചും വിദ്യാർത്ഥികൾക്ക് അവബോധം ഉണ്ടാക്കാൻ വേണ്ടിയാണ് ക്ലാസ് സംഘടിപ്പിച്ചത്. ക്ലാസുകൾക്ക് ഡോ. കെ.ടി. ഷേണായ്, ഡോ. ലീന കെ.ബി. എന്നിവർ നേതൃത്വം നൽകി. ഓരോ ബാച്ചിലും 100 കുട്ടികൾ വീതം പങ്കെടുത്തു. സ്കൂൾ എച്ച്. എം. ശ്രീ. ജ്യോതിഷ് ചന്ദ്രനും മറ്റ് അദ്ധ്യാപകരും പൂർണ്ണ പിന്തുണ നൽകി.

(8) 2016 ആഗസ്റ്റ് 14-ാം തീയതി ഓലത്താന്നി തിരുഹൃദയം ദേവാലയത്തിൽ മെഡിക്കൽ ക്യാമ്പും ബോധവൽക്കരണ ക്ലാസും സംഘടിപ്പിച്ചു. കരൾ രോഗങ്ങളെ കുറിച്ചായിരുന്നു ബോധവൽക്കരണ ക്ലാസ്. തുടർന്ന് രക്ത ഗ്രൂപ്പ് നിർണ്ണയം, ബ്ലഡ് ഷുഗർ, ഹെപ്പറ്റൈറ്റിസ് ബി & സി രോഗനിർണ്ണയം, കരൾരോഗ നിർണ്ണയത്തിനായി ഫൈബ്രോ സ്കാൻ എന്നീ പരിശോധനകളും സംഘടിപ്പിച്ചു. ക്യാമ്പിന് മികച്ച ടെക്നീഷ്യൻമാർ നേതൃത്വം നൽകി.

(9) 2016 സെപ്റ്റംബർ 9-ാം തീയതി ഓണാഘോഷപരിപാടി കേരള യൂണിവേഴ്സിറ്റി സ്റ്റുഡൻസ് സെന്ററിൽ സംഘടിപ്പിച്ചു. യോഗ വിഷയമാക്കിയുള്ള അത്തപ്പൂക്കളം കേക്ക് വിതരണവും തുടർന്ന് ഓണസദ്യയും സംഘടിപ്പിച്ചു.

(10) 2016 സെപ്റ്റംബർ 15-ാം തീയതി ചേങ്കോട്ടുകോണം അയ്യൻകോയിക്കൽ റസിഡൻസ് അസോസിയേഷനു വേണ്ടി 'മലയാളിയും പ്രമേഹവും' എന്ന വിഷയത്തെ കുറിച്ച് ബോധവൽക്കരണ ക്ലാസ് സംഘടിപ്പിച്ചു. ക്ലാസുകൾക്ക് ഡോ. ലീന കെ.ബി. നേതൃത്വം നൽകി.

(11) 2016 ഡിസംബർ 17-ാം തീയതി പോസ്റ്റർ അക്കൗണ്ട്സ് & ഓഡിറ്റ് പെൻഷനേഴ്സ് അസോസിയേഷനു വേണ്ടി വെള്ളയമ്പലം ബിഷപ്സ് കോമ്പൗണ്ടിലെ അനിമേഷൻ സെന്ററിൽ വച്ച് 'യോഗയും പ്രമേഹനിയന്ത്രണവും' എന്ന വിഷയത്തെ ആസ്പദമാക്കി ബോധവൽക്കരണ ക്ലാസ് സംഘടിപ്പിച്ചു.

ഒത്തിരി പരിമിതികളിൽ നിന്നുകൊണ്ട് കഴിഞ്ഞ ഒരു വർഷക്കാലം എച്ച്.എച്ച്.ആർ.ഐ. നടത്തിവന്ന ആരോഗ്യ വികസന പദ്ധതികളുടെ പ്രവർത്തന റിപ്പോർട്ട് ഞാൻ ഈ സദസ്സിനു മുന്നിൽ സമർപ്പിക്കുന്നു.

നന്ദി,

നമസ്കാരം.